5
ചൊവ്വ
2018 ജൂൺ
1193 എടവം 22

# മക്തബ്

www.makthabdaily.com

തളിപ്പറമ്പ | പുസ്തകം 11 ലക്കം 188 | makthabdaily@gmail.com | RNI Reg.No.KER MAL/2007/22043 | Reg.No.KL/KNR/15/2018-20 Ph: 0460- 2208010 | പേജ് 4 വില: 5.00 രൂപ

**സംരംഭകർക്കൊരു സന്തോഷ വാർത്ത**

സൂപ്പർമാർക്കറ്റ്, ബേക്കറി, ഷോറൂമുകൾ, കൂൾബാർ, ബ്യൂട്ടി പാർലറുകൾ, സർവ്വീസ് സെന്റർ, ഫാസ്റ്റ് ഫുഡ്, ഫർണ്ണീച്ചർ ഷോപ്പ് തുടങ്ങി വിവിധ സംരംഭങ്ങൾക്ക് ആലക്കോട്, കരുവഞ്ചാൽ, ചാണോക്കുണ്ട് ടൗണുകളിൽ ബിൽഡിംഗ് റൂമുകൾ, P P ബിൽഡിംഗ്, ക്വാർട്ടേഴ്സുകൾ വാടകയ്ക്ക്. ബന്ധപ്പെടുക.

Mob: 8921076673, 9446467028

## അരുത്, പരിസ്ഥിതി ദിനത്തിൽ മരം നടരുത്; വേരുപിടിക്കില്ല




തൃശൂർ: ജൂൺ അഞ്ചിന് മരം നട്ടുപിടിപ്പിക്കുന്നത് ഗുണം ചെയ്യില്ലെന്ന് പീച്ചി വനം ഗവേഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്. ജൂൺ മാസം മരം നട്ടുപിടിപ്പിക്കുന്നതിന് അനുയോജ്യമായ കാലാവസ്ഥയല്ല. മഴക്കാലമായ ജൂൺ മാസത്തിൽ മരം നട്ടാൽ വേരുകൾ ചീഞ്ഞ് വളർച്ച ഇല്ലാതാകും. അതിനാലാണ് ഓരോ പരിസ്ഥിതി ദിനത്തിലും ലക്ഷക്കണക്കിന് മരങ്ങൾ കേരളത്തിൽ വെച്ചുപിടിപ്പിച്ചിട്ടും അതിൽ ബഹുഭൂരിപക്ഷവും നശിച്ചുപോകുന്നത്. മെയ് മധ്യവും അവസാന വാരവുമാണ് മരം നട്ടുപിടിപ്പിക്കേണ്ടത്. ഇങ്ങനെ നട്ടുപിടിപ്പിച്ചാൽ ജൂൺ മാസത്തിൽ ലഭിക്കുന്ന മഴയിൽ മരത്തിന്റെ വേരുകൾ മണ്ണിലേക്ക് ആഴ്ന്നിറങ്ങാൻ തുടങ്ങും അതിലൂടെ മരങ്ങൾ ആരോഗ്യപ്രഥമായ രീതിയിൽ നിലനിൽക്കുകയും ചെയ്യും. പഴയകാല കേരളത്തിലെ മനുഷ്യർക്ക് ഇതുസംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നു.

ജൂൺ അഞ്ച് പരിസ്ഥിതി ദിനമായി ആചരിക്കുന്നതിൽ തെറ്റില്ല. പരിസ്ഥിതി സംരക്ഷണം പ്രഖ്യാപിച്ച സ്റ്റോക്ക് ഹോം കൺവെൻഷന്റെ തീരുമാനപ്രകാരമാണ് ജൂൺ അഞ്ച് പരിസ്ഥിതി ദിനാഘോഷത്തിന് തിരഞ്ഞെടുത്തത്. ഈ ദിവസം പരിസ്ഥിതി ദിനാഘോഷം നടത്താമെങ്കിലും മരം നട്ടുപിടിപ്പിക്കാൻ തിരഞ്ഞെടുക്കുന്നത് ഗുണകരമല്ലെന്നാണ് ഗവേഷണ സ്ഥാപനത്തിന്റെ നിലപാട്. സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ് പീച്ചി വനംഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്.

## കെവിൻ വധം: പോലീസുകാരെ പിരിച്ചുവിടാമെന്ന് നിയമോപദേശം



കോട്ടയം: കെവിൻ പി. ജോസഫ് വധക്കേസിൽ പ്രതികളായ മൂന്ന് പോലീസുകാരെ പിരിച്ചുവിടാമെന്ന് നിയമോപദേശം. ഇതേ തുടർന്ന് കേസിലെ പ്രതികളായ കോട്ടയം ഗാന്ധി നഗർ എസ്.ഐയായിരുന്ന ഷിബു, എ.എസ്.ഐയായിരുന്ന ബിജു, ഡ്രൈവർ ആയിരുന്ന അജയ്കുമാർ എന്നിവർക്ക് പിരിച്ചുവിടാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നാവശ്യപ്പെട്ട് ഇന്ന് കത്ത് നൽകും. 15 ദിവസത്തിനകം കത്തിന് മറുപടി നൽകാൻ ആവശ്യപ്പെട്ടു.

കെവിനെ തട്ടിക്കൊണ്ടുപോകാൻ ഒത്താശ ചെയ്തുവെന്നതിന് ഇവർ മൂന്നുപേരും സസ്പെൻഷനിലാണ്. ഇവർക്കെതിരെ കേസും എടുത്തിരുന്നു. എന്നാൽ ഐ.ജി. വിജയ് സാക്കറെയുടെ നിർദേശപ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഡി.വൈ.എസ്.പി വിനോദ് ആർ.പിള്ള നടത്തിയ അന്വേഷണത്തിൽ ഇവർ ചെയ്ത കുറ്റം ഗുരുതരമാണ് എന്ന് കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് പിരിച്ചുവിടൽ നടപടിയെ കുറിച്ച് ആലോചിച്ചത്. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ആഭ്യന്തര സെക്രട്ടറി നിയമോപദേശം തേടിയിരുന്നു. നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഡി.ജി.പി. ലോക്നാഥ് ബെഹ്റയാണ് കാരണം കാണിക്കൽ നോട്ടീസ് നൽകാൻ തീരുമാനിച്ചത്.

2012ൽ സർവ്വീസ് റൂളിൽ വരുത്തിയ നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ വകുപ്പ് തല അന്വേഷണം നടത്തി പിരിച്ചുവിടൽ നടപടി സ്വീകരിക്കാമെന്ന നിയമോപദേശമാണ് സർക്കാരിന് ലഭിച്ചത്. 15 ദിവസത്തെ കാലാവധി കാണിച്ച് നൽകുന്ന കാരണം കാണിക്കൽ നോട്ടീസിന് മറുപടി ലഭിക്കുന്നതോടെ പിരിച്ചുവിടൽ ഉണ്ടാകുമെന്നാണ് കരുതുന്നത്. ഇതിന്റെ മുന്നോടിയായി മൂന്ന് പോലീസ് ഉദ്യോഗസ്ഥരുടെയും ജാമ്യം റദാക്കാൻ പോലീസ് ഹൈക്കോടതിയെ സമീപിക്കും.

## പിക്കപ്പ് വാൻ മറിഞ്ഞ് ഒരാൾ മരിച്ചു

പെരിങ്ങോം: പിക്കപ്പ് വാൻ നിയന്ത്രണം വിട്ട് മറിഞ്ഞ് ഒരാൾ മരിച്ചു. കോഴിക്കോട് സ്വദേശി ഉണ്ണി (60) ആണ് മരണമടഞ്ഞത്. നാല് പേർക്ക് പരിക്കേറ്റു. ബൈജു, ആഫിത്ത് തുടങ്ങിയവർക്കാണ് പരിക്കേറ്റത്. ഇന്ന് രാവിലെ എട്ട് മണിയോടെ കടുംകുന്ന് വളവിലായിരുന്നു അപകടം. കാഞ്ഞങ്ങാട് ഭാഗത്ത് നിന്ന് ജനറേറ്ററും കയറ്റി തിമിരി ഭാഗത്തേക്ക് പോകുകയായിരുന്ന കെ.എൽ 56 ഇ 1888 പിക്കപ്പ് വാനാണ് അപകടത്തിൽപ്പെട്ടത്. ജനറേറ്ററിന്റെ ഭാരം കാരണം പിക്കപ്പ് വാൻ ഒരു വശത്തേക്ക് മറിയുകയായിരുന്നു. പെരിങ്ങോത്ത് നിന്നെത്തിയ ഫയർഫോഴ്സും പോലീസും നാട്ടുകാരും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്.

### തിയേറ്റർ പീഡനം : ചങ്ങരംകുളം എസ്.ഐ കെ.ജി.ബേബി അറസ്റ്റിൽ

# ഐ.ജിക്കും എസ്.പിക്കും ഡി.ജി.പിയുടെ ശാസന

മലപ്പുറം: എടപ്പാളിലെ സിനിമ തിയേറ്ററിൽ പത്തു വയസുകാരിയെ പീഡിപ്പിച്ച സംഭവം പുറത്തുകൊണ്ടു വന്ന തീയേറ്റർ ഉടമയെ അറസ്റ്റ് ചെയ്ത നടപടി നിയമ വിരുദ്ധമെന്ന് സൂചന. ഇതേ തുടർന്ന് ഡി.ജി.പി ലോക്നാഥ് ബെഹ്റ, തൃശൂർ റേഞ്ച് ഐ.ജി എം.ആർ. അജിത്ത്കുമാറിനെയും, മലപ്പുറം എസ്.പി പ്രതീഷ് കുമാറിനെയും ശാസിച്ചു. പോക്സോ നിയമത്തിലെ 19 ഒന്ന് (ഡി), 21 വകുപ്പ് പ്രകാരമാണ് തിയേറ്റർ ഉടമക്കെതിരെ കേസെടുത്ത് അറസ്റ്റ് ചെയ്തത്. എന്നാൽ ഈ വകുപ്പുകൾ പ്രകാരം കേസെടുക്കാൻ കോടതിയുടെ അനുമതി വേണം. അറസ്റ്റ് ചെയ്യാൻ കോടതിയുടെ വാറണ്ടും വേണം. ഇതുരണ്ടും പാലിക്കാതെയാണ് കേസും അറസ്റ്റും. ഇതുസംബന്ധിച്ച് നിയമോപദേശം ലഭിച്ചതിനെ തുടർന്നാണ് ഇരുവരെയും ഡി.ജി.പി ശാസിച്ചത്. തിയേറ്റർ പീഡനത്തിൽ കേസെടുക്കാൻ തുടക്കം മുതൽ പോലീസ് വിസമ്മതിച്ചിരുന്നു. തിയേറ്റർ ഉടമ ചൈൽഡ് ലൈനിന് ദൃശ്യം സഹിതം വിവരം കൈമാറുകയും ചൈൽഡ് ലൈൻ പ്രവർത്തകർ പോലീസിൽ പരാതി നൽകിയിട്ടും കേസെടുക്കാതിരുന്ന പോലീസ് ദൃശ്യമാധ്യമങ്ങളിലൂടെ വിവരം പുറത്തുവന്നപ്പോഴാണ് 17 ദിവസത്തിന് ശേഷം കേസെടുത്തത്. കേസെടുക്കാൻ താമസം വരുത്തിയതിനാണ് ചങ്ങരംകുളം എസ്.ഐ കെ.ജി.ബേബിയെ ഇന്ന് ഉച്ചയോടെ അറസ്റ്റ് ചെയ്തത്.



*പെരിങ്ങോം കടുംകുന്ന് വളവിൽ ഇന്ന് രാവിലെ അപകടത്തിൽപ്പെട്ട പിക്കപ്പ് വാൻ*

## ഗൾഫിൽ നിന്ന് കൊടുത്തയച്ച 30 പവനും വിലപിടിപ്പുള്ള പർദ്ദകളും തട്ടിയെടുത്ത യുവാവ് പിടിയിൽ

കാസർക്കോട്: ഗൾഫിൽ നിന്ന് ബന്ധുക്കൾക്ക് നൽകാൻ കൊടുത്തയച്ച 30 പവനും വിലപിടിപ്പുള്ള പർദ്ദകളും അടിച്ചുമാറ്റിയ കേസിൽ ഒരാൾ പിടിയിൽ. കുമ്പള പൊറുവാട് കടപ്പുറത്ത് താമസിക്കുന്ന ഉള്ളാൾ സ്വദേശി അബ്ദുൾഹമീദ് മുസ്ല്യാർ (34) ആണ് പിടിയിലായത്. മറ്റൊരു പ്രതി ഉപ്പള പൊങ്കാൽ സ്വദേശി മനാഫിനെ തെരഞ്ഞുവരുന്നു. ബന്ദിയോട് ചുക്കിരിയടുക്കയിലെ മീരാൻകുഞ്ഞിന്റെ പരാതിയിലാണ് അറസ്റ്റ്. പല സ്ഥലങ്ങളിലായി ഉസ്താദായി ജോലി ചെയ്ത അബ്ദുൾഹമീദ് മുസ്ല്യാർ മൂന്ന് മാസം മുമ്പ് ഗൾഫ് സന്ദർശനത്തിന് പോയിരുന്നു. ദുബായിലെ ദേരയിൽ വച്ച് മീരാൻകുഞ്ഞിയുടെ സഹോദരൻ മൂസയുമായി പരിചയപ്പെട്ടു. നാട്ടിലേക്ക് പോകുമ്പോൾ കുറച്ചു സാധനം തന്ന് വിടാമെന്നും അത് മീരാൻകുഞ്ഞിയെ ഏൽപ്പിക്കണമെന്നും അതിന്റെ ചെലവ് കാശ് വീട്ടിൽ നിന്ന് നൽകുമെന്നും മൂസ പറഞ്ഞു. അബ്ദുൾഹമീദ് മുസ്ല്യാർ സമ്മതിക്കുകയും ചെയ്തു. എന്നാൽ പാർസലായി നൽകിയ സാധനത്തിനകത്ത് എന്തൊക്കെയാണുള്ളതെന്ന് മൂസ വെളിപ്പെടുത്തിയിരുന്നില്ലത്രെ. ഗൾഫിലുള്ള മനാഫുമായി നാട്ടിലേക്ക് മടങ്ങവേ മൂസ നൽകിയ പാർസലിൽ 30 പവനും വിലപിടിപ്പുള്ള പർദ്ദകളുമാണെന്ന് മനസിലാക്കിയ ഇവർ മീരാൻകുഞ്ഞിന്റെ വീട്ടിൽ ഏൽപ്പിക്കാതെ തട്ടിയെടുത്തുവത്രെ. (ശേഷം നാലാം പേജിൽ)

## തീയേറ്റർ പീഡനം | ഉടമയെ അറസ്റ്റ് ചെയ്തതിനെതിരെ നിയമസഭയിൽ പ്രതിപക്ഷ ബഹളം

തിരുവനന്തപുരം: എടപ്പാളിൽ സിനിമ തിയേറ്ററിൽ അമ്മയുടെ മൗനാനുവാദത്തോടെ പത്ത് വയസുകാരിയെ പീഡിപ്പിച്ച സംഭവം പുറത്തുകൊണ്ടുവന്ന തിയേറ്റർ ഉടമയെ പോലീസ് അറസ്റ്റ് ചെയ്തതിനെതിരെ നിയമസഭയിൽ പ്രതിപക്ഷ ബഹളം. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും മുഖ്യമന്ത്രി പിണറായി വിജയനും തമ്മിൽ നടന്ന രൂക്ഷമായ വാക്കുപോരിനൊടുവിൽ പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ഇന്ന് രാവിലെ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയാണ് സബ്മിഷനിലൂടെ വിഷയം സഭയുടെ മുമ്പാകെ കൊണ്ടുവന്നത്. ഏത് കുറ്റകൃത്യത്തിനും കുടപിടിക്കുകയാണ് പോലീസെന്ന സന്ദേശമാണ് ഈ അറസ്റ്റിലൂടെ നൽകുന്നതെന്ന് കുറ്റപ്പെടുത്തിയ പ്രതിപക്ഷ നേതാവ് ഇതെന്താ വെള്ളരിക്കാപ്പട്ടണമാണോ എന്ന് ചോദിച്ചു. കുറ്റകൃത്യങ്ങൾ പുറത്തുകൊണ്ടുവരാൻ സഹായിക്കുന്നവരെ കേസിൽ കുടുക്കി പിന്നീട് കുറ്റകൃത്യങ്ങൾ പുറത്ത് പറയാതിരിക്കാൻ പ്രേരണ നൽകുകയാണെന്ന് അദേഹം ചൂണ്ടിക്കാട്ടി. എന്നാൽ സബ്മിഷന് മറുപടി പറഞ്ഞ മുഖ്യമന്ത്രി തീർത്തും സാങ്കേതികപരമായാണ് സംസാരിച്ചത്. തിയേറ്റർ ഉടമയുടെ അറസ്റ്റ് നിയമപരമായി നിലനിൽക്കുന്നതാണോ എന്ന് അറിയാൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം തേടിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. മേലുദ്യോഗസ്ഥരോട് ചോദിക്കാതെയാണ് അന്വേഷണ ഉദ്യോഗസ്ഥൻ തിയേറ്റർ ഉടമയുടെ അറസ്റ്റ് നടത്തിയതെന്ന് മുഖ്യമന്ത്രി സമ്മതിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ നടപടി തെറ്റാണോ ശരിയാണോയെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. ഇതിന് നേരത്തെ നൽകിയ മറുപടി ആവർത്തിക്കുകയായിരുന്നു മുഖ്യമന്ത്രി. ഈസമയം കേരളത്തിന് അപമാനകരമായ ഈ സംഭവത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയാനുള്ള അവകാശം സഭക്കുണ്ടെന്നും മുഖ്യമന്ത്രി അത് കൃത്യമായി പറയണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു. ഇതേച്ചൊല്ലി ഇരുവരും തമ്മിൽ നാലുതവണയോളം വാക്ക്തർക്കം നടന്നു. തുടർന്ന് പ്രതിപക്ഷ അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച ശേഷം ഇറങ്ങിപ്പോവുകയായിരുന്നു.

## വീട്ടിനകത്തെ കോണിപ്പടിയിൽ നിന്ന് വീണ് യുവാവ് മരിച്ചു



പയ്യന്നൂർ: വീട്ടിനകത്തെ കോണിപ്പടിയിൽ നിന്ന് വീണ് യുവാവ് മരണമടഞ്ഞു. എടാട്ട് കണ്ണങ്ങാട്ട് ഭഗവതി ക്ഷേത്രത്തിന് സമീപം താമസിക്കുന്ന മാത്രാടൻ കുതിരക്കാൻ ജയൻ (48) ആണ് മരിച്ചത്.

ഇന്നലെ രാത്രി ജയനും മാതാപിതാക്കളും മാത്രമാണ് വീട്ടിലുണ്ടായിരുന്നത്. രണ്ടുനില വീടിന്റെ മുകളിലെ കിടപ്പുമുറിയിൽ ഉറങ്ങാൻ ചെന്ന ജയൻ താഴേക്ക് ഇറങ്ങിവരുന്നതിനിടയിൽ കാൽ തെറ്റി താഴേക്ക് വീഴുകയായിരുന്നു. രാത്രിയാണ് സംഭവം നടന്നതെന്ന് കരുതുന്നു. വീട്ടിലുണ്ടായിരുന്ന വൃദ്ധ മാതാപിതാക്കൾ ഇതൊന്നും അറിഞ്ഞിരുന്നില്ല. ഇന്ന് രാവിലെ അവർ ഉറക്കമെഴുന്നേറ്റപ്പോഴാണ് കോണിപ്പടിയുടെ താഴെ മകൻ രക്തത്തിൽ കുളിച്ചു കിടക്കുന്ന നിലയിൽ കണ്ടത്. ഉടൻ അയൽവാസികളെ വിവരമറിയിച്ചെങ്കിലും അവർ എത്തുമ്പോഴേക്കും ജയൻ മരിച്ചിരുന്നു. രക്തംവാർന്നാണ് മരണം. പയ്യന്നൂർ പോലീസ് സ്ഥലത്തെത്തി മൃതദേഹ പരിശോധന നടത്തി പോസ്റ്റുമോർട്ടത്തിന് പരിയാരം മെഡി. കോളേജാശുപത്രിയിലേക്ക് മാറ്റി.

നേരത്തെ ഗൾഫിലായിരുന്നു ജയൻ ജോലി ചെയ്തിരുന്നത്. മഞ്ചേശ്വരം വില്ലേജ് ഓഫീസ് ജീവനക്കാരി സരിതയാണ് ഭാര്യ. അവർ ജോലി സംബന്ധമായ പരിശീലനത്തിന് കോട്ടയത്ത് പോയതായിരുന്നു. ഇടവലത്ത് നാരായണൻ-സരോജിനി ദമ്പതികളുടെ മകനാണ്. വിഷ്ണു ഏക മകൻ. സത്യരാജ്, ശോഭപ്രകാശ് സഹോദരങ്ങൾ.

**പ്രവേശനം തുടരുന്നു**

**BA, BCom** (Kannur University)

**+1** **Commerce** (Business studie, Accounting, Economics, Politics)
**Humanities** (History, Sociology, Economics, Politics)

**B.S.S കോഴ്സുകൾ** (Promoted by Govt. of India)

14 തികഞ്ഞ ആർക്കും SSLC (5 വിഷയങ്ങൾ മാത്രം)

- നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് (1 വർഷം)
- മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ (1 വർഷം)
- പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് (ഡിപ്ലോമ കോഴ്സ് 1 വർഷം)

**സ്പോക്കൺ ഇംഗ്ലീഷ്** ഏത് പ്രായക്കാർക്കും

37-ാം വയസിലേക്ക്
**സെന്റ് ജോസഫ്സ് കോളേജ്**
കരുവഞ്ചാൽ
Mob: 9847081773, 9446262698

**കാത്തിരിപ്പിന്റെ കാലം കഴിഞ്ഞു.. !!**

കുറഞ്ഞ വിലയിൽ
റെഡിമെയ്ഡ്

**കട്ടിള ജനൽ ഡോർ**

കട്ടിള ₹ 3750/- 3 പാളി ജനൽ ₹9350/-
ഡോർ ₹ 2400/-

**സോന വുഡ്**

N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888 005 | 8593 888 013